# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 04 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 890 പേർ

ജില്ലയിൽ വീടുകളിൽ 879 പേരും ആശുപത്രികളിൽ 11 പേരും ഉൾപ്പെടെ ആകെ 890 പേരാണ് നിരീക്ഷണത്തിലുള്ളത്. തിങ്കളാഴ്ച (മെയ് 4) നിരീക്ഷണത്തിന്റെ ഭാഗമായി ആരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല. 2 പേരെ ഡിസ്ചാർജ്ജ് ചെയ്തു.

തിങ്കളാഴ്ച (മെയ് 4) 1 സാമ്പിൾ പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 1291 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1282 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 9 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 269 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ള വർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. തിങ്കളാഴ്ച (മെയ് 4) 20 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1684 പേരെയും മത്സ്യചന്തയിൽ 896 പേരെയും പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 188 പേരെയും സ്ക്രീൻ ചെയ്തു.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാമ്പ്ര മേഖലയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നട പ്പിലാക്കി.

## തിരിച്ചെത്തുന്നവർക്കായി 17000 ബെഡുകൾ തയ്യാർ

വിദേശത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി ജില്ലയിലേക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി നിരീക്ഷണത്തിൽ കഴിയുന്നതിന് ഒരുക്കിയിട്ടുള്ളത് 17122 ബെഡുകൾ. 354 കെട്ടിടങ്ങളിലായി 8587 മുറികളിലായാണ് ഇത്രയും ബെഡ് ഒരുക്കിയിട്ടുള്ളത്. 7 താലൂക്കുകളിലായാണ് സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്. ചാലക്കുടി താലൂക്കിൽ 51 കെട്ടിടങ്ങളിലായി 1071 മുറികളും ചാവക്കാട് താലൂക്കിൽ 139 കെട്ടിടങ്ങളിലായി 3401 മുറികളും കൊടുങ്ങല്ലൂർ താലൂക്കിൽ 16 കെട്ടിടങ്ങളിലായി 188 മുറികളും കുന്നംകുളം താലൂക്കിൽ 45 കെട്ടിടങ്ങളിലായി 1285 മുറികളും മുകുന്ദപുരം താലൂക്കിൽ 8 കെട്ടിടങ്ങളിലായി 133 മുറികളും തലപ്പിള്ളി താലൂക്കിൽ 8 കെട്ടിടങ്ങളിലായി 127 മുറികളും തൃശ്ശൂർ താലൂക്കിൽ 87 കെട്ടിടങ്ങളിലായി 2382 മുറികളും ഒരുക്കിയിട്ടുണ്ട്. അന്യ സംസ്ഥാനത്തു നിന്നും വരുന്നവർ 8 ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് എത്തുന്നത്. പ്രധാന ചെക്ക് പോസ്റ്റ് വാളയാർ ആണ്. ചെക്ക് പോസ്റ്റുകളിൽ ആരോഗ്യവകുപ്പിന്റെ സ്ക്രീനിംഗ് ഉണ്ട്. ഇതിൽ പനിയോ കോവിഡ് ലക്ഷണങ്ങളോ ഉള്ള ആളുകളെ ചെക്ക് പോസ്റ്റിനു അടുത്തുള്ള കോവിഡ് കെയർ സെന്ററുകളിൽ ക്വാറന്റൈൻ ചെയ്യും.

സ്ക്രീനിങ്ങിൽ അസുഖലക്ഷണമില്ലാത്തവർ വീടുകളിലോ കോവിഡ് കെയർ സെന്ററുകളിലോ 14 ദിവസം നിരീക്ഷണത്തിൽ കഴിയേണ്ടതാണ്. വീടുകളിൽ ശുചിമുറിയോടു

കൂടിയുള്ള കിടപ്പുമുറികൾ ഉള്ളവർ അത് ഉപയോഗിക്കേണ്ടതും അല്ലാത്തവർ ജില്ലാ ഭരണകൂടം നിർദേശിക്കുന്ന കോവിഡ് കെയർ സെന്ററുകളിലേക്ക് പോകേണ്ടതുമാണ്. ജില്ല ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, എൻ ഐ സി , ആയുഷ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നു ഇവർക്ക് വേണ്ട എല്ലാ വിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ രെജിസ്ട്രേഷൻ ചെയ്യുമ്പോൾ തന്നെ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ ഭരണ കൂടം കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. കോവിഡ് കെയർ സെന്ററുകളുടെ ഏകോപന ചുമതല അതാത് താലൂക്ക് തഹസിൽദാർമാർക്കായിരിക്കും. കോവിഡ് കെയർ സെന്ററുകൾ പരിപാലിക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സുരക്ഷ ഉത്തരവാദിത്വം പോലീസിനുമായി ചുമതലപെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്ക് താലൂക്ക് തലത്തിൽ പ്രത്യേകം ക്വാറന്റൈൻ സൗകര്യം നൽകുന്നതാണ്. അന്യസംസ്ഥാനത്തു നിന്നും സ്വന്തം വാഹനങ്ങളിൽ വരുന്നവരും അവരെ കൊണ്ടുവരാനായി ചെക്ക് പോസ്റ്റുകളിൽ പോകുന്ന ഡ്രൈവർമാരും 14 ദിവസം ക്വാറന്റീനിൽ പോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് സെന്ററുകളിൽ പെയ്ഡ്, അൺപെയിഡ്, എന്നിങ്ങനെ താമസസൗകര്യം തരം തിരിച്ചിട്ടുണ്ട്. പണം കൊടുക്കാൻ കഴിവുള്ളവർക്ക് പെയിഡ് സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. ഒരുക്കങ്ങൾ വിലയിരുത്താനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ഡെപ്യൂട്ടി കളക്ടറും നോഡൽ ഓഫീസറുമായ (അപ്പലെറ്റ് അതോറിറ്റി) കെ മധുവിന്റെ അദ്ധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. ജില്ലാ തല ഓഫിസർമാർ, താലൂക്ക് തഹസിൽദാർമാർ ത്രിതല സെക്രട്ടറിമാർ, ആരോഗ്യവകുപ്പ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ ഹാജരായിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: ഡെപ്യൂട്ടി കളക്ടറും നോഡൽ ഓഫീസറുമായ കെ മധുവിന്റെ അദ്ധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം***

## ആദ്യദിനം തിരിച്ചെത്തിയത് 120 പേർ

ഇതരസംസ്ഥാനങ്ങളിൽ കഴിയുന്ന മലയാളികളെ തിരിച്ചെത്തിക്കുന്നതിനുള്ള നടപടി ആരംഭിച്ചതിനെ തുടർന്ന് ആദ്യദിവസം ജില്ലയിലേക്ക് തിരിച്ചെത്തിയത് 120 പേർ. നോർക്ക മുഖാന്തിരം രജിസ്ട്രേഷൻ പൂർത്തിയാക്കിയവരാണ് തിങ്കളാഴ്ച (മെയ് 4) മടങ്ങിയെത്തിയത്. വിവിധ ചെക്ക്പോസ്റ്റുകളിൽ ഇവരെ പരിശോധനയ്ക്ക് വിധേയരാക്കിയശേഷം നിരീക്ഷണത്തിലാക്കി. വാളയാർ ചെക്ക് പോസ്റ്റ് വഴിയാണ് ഭൂരിഭാഗം പേരും മടങ്ങിയെത്തിയത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി തിങ്കളാഴ്ച (മെയ് 4) ലഭിച്ചത് 10,77,105 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും തിങ്കളാഴ്ച (മെയ് 4) ലഭിച്ചത് 10,77,105 രൂപ. ചെക്കായി/ഡിഡി വഴി 8,90,000 രൂപയും പണമായി 1,87,105 രൂപയുമാണ് ലഭിച്ചത്. ഇതോടെ 2020 ഏപ്രിൽ 5 മുതൽ മെയ് 4 വരെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് ജില്ലയിൽ ലഭിച്ച തുക 93,83,163 രൂപ ആയി. ചെക്ക് നൽകിയവർ: കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, കേരള ചാപ്റ്റർ - 5,00,000, കെ വി അമൃതരാജ്, കരയാറ്റ്പറമ്പിൽ, കൂർക്കഞ്ചേരി-10,000, എ വി അമൽഘോഷ് & എ വി അജയഘോഷ്, അറുപത്ത്നാഴിയിൽ, ആലുവ- 10,000, പി ചിത്രൻ നമ്പൂതിരിപ്പാട്, മുക്തി മ്യൂസിയം റോഡ് - 25,000, എ എം അഖിൽ, സെക്രട്ടറി, തൃശൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് കാഷ്വൽ കോൺട്രാക്ട് എംപ്ലോയീസ് യൂണിയൻ-1,00,000, എൻ വി സുരേന്ദ്രൻ, പ്രസിഡണ്ട്, ഡോ. സരോജിനി മെമ്മോറിയിൽ വെൽഫയർ സെസൈറ്റി-35,000, കെ വി സത്യൻ, കോട്ടയിൽ, മരത്തംകോട്-1,00,000, മേഴ്സികോപ്സ് ചാരിറ്റബിൾ സൊസൈറ്റി ട്രസ്റ്റ്-1,00,000.

പണം നൽകിയവർ: രാജീവ് നാരായൺ, പൊട്ടയിൽ-1,00,000, പ്രസിഡണ്ട്, എയ്യാൽ കുടുംബശ്രീ, അമ്മാട്ടികുന്ന് മംഗലം-10,000, എ പി രാമകൃഷ്ണൻ, അച്ചിങ്ങാര-5,000, പ്രകൃതി വിശ്വനാഥൻ, കൊണ്ടാഴി-5,000, സെക്രട്ടറി, സിപിഐഎം, ഇരിങ്ങാലക്കുട ഏരിയ കമ്മിറ്റി-35,000, ചീര പി ജെ, പനക്കൽ-5,000, ഹരിത കെ, ഇയ്യാൽ-1500, സുരേന്ദ്രൻ, പറപ്പൂർ-5,000, പെരുമനം, ചേർപ്പ്-10,000, എസ് തൻമയി ബ്ലൂമിംഗ് ബഡ്സ്, വെള്ളിത്തിരുത്തി-605, പി ബി ഗംഗ, പുതുർക്കര-10,000.

## ദുരിതാശ്വാസ നിധിയിലേയ്ക്ക് അഞ്ച് ലക്ഷം രൂപ സംഭാവന ചെയ്തു

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ഘടകം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അഞ്ച് ലക്ഷം രൂപ നൽകി. തൃശൂർ മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. സി.പി. കരുണദാസ് അഞ്ച് ലക്ഷം രൂപയുടെ ചെക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന് കൈമാറി. ജില്ലാ കളക്ടർ എസ്.ഷാനവാസ്, ഡോ. ടി.വി.മണികണ്ഠൻ, ഡോ. ജോഷി ജോസഫ്, ഡോ. സി.ജി. സജീവ് എന്നിവർ സന്നിഹിതരായി.

***ഫോട്ടോ അടിക്കുറിപ്പ്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അഞ്ച് ലക്ഷം രൂപയുടെ ചെക്ക് ഡോ. സി.പി. കരുണദാസ് മന്ത്രി എ സി മൊയ്തീന് കൈമാറുന്നു***

## കേരള കലാമണ്ഡലം വി.സി. ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

കേരള കലാമണ്ഡലം കല്പിത സർവകലാശാല വൈസ് ചാൻസലർ ഡോ. ടി. കെ നാരായണൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2,02,532 രൂപ സംഭാവന നൽകി. യു.ആർ പ്രദീപ് എംഎൽഎ ഏറ്റുവാങ്ങി. അദ്ദേഹം മാർച്ച് 30 ന് 1,00,000 രൂപ സംഭാവന നൽകിയിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന കേരള കലാമണ്ഡലം കല്പിത സർവകലാശാല വൈസ് ചാൻസലർ ഡോ. ടി. കെ നാരായണൻ യു.ആർ പ്രദീപ് എംഎൽഎക്ക് കൈമാറുന്നു***

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

മുള്ളൂർക്കര വാഴക്കോട് വളവ് പ്രദേശത്ത് താമസിക്കുന്ന മൂലയിൽ വീട്ടിൽ അബ്ദുൽ അസീസിന്റെ മകൾ നിഹാല നസ്രിൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. ഹുണ്ടിക നിക്ഷേപമായ 9000 രൂപ ദുരിതാശ്വാസ നിധിയിലേക്ക് യു.ആർ. പ്രദീപ് എം.എൽ.എ മുഖേനയാണ് നൽകിയത്.

## കോവിഡ് വിവരങ്ങൾ അപ്പപ്പോൾ അറിയണോ? ആപ്പിന്റെ കരുതലിൽ കൊടുങ്ങല്ലൂർ

കൊടുങ്ങല്ലൂരിൽ കോവിഡ് 19 പ്രതിരോധപ്രവർത്തനനങ്ങളെക്കുറിച്ച് വിശദമായി അറിയണോ? മാർഗ്ഗമുണ്ട്. ഇനി മുതൽ കോവിഡ് 'ആപ്പി'ന്റെ കരുതലിലാണ് കൊടുങ്ങല്ലൂർ. നഗരസഭയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളും ജനങ്ങളിലെത്തിക്കുവാൻ പുതിയ മൊബൈൽ ആപ്ലിക്കേഷൻ സജ്ജമായി. കുന്നുകര എം ഇ എസ് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളാണ് നഗരസഭയ്ക്ക് വേണ്ടി സൗജന്യമായി ഈ മൊബൈൽ അപ്ലിക്കേഷൻ തയ്യാറാക്കി നൽകിയത്. കോവിഡ് 19 സമൂഹ വ്യാപനം, പ്രതിരോധ പ്രവർത്തനങ്ങൾ, സർക്കാർ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന അറിയിപ്പുകൾ, പത്രസമ്മേളനങ്ങൾ എന്നിവയെല്ലാം ആപ്പിലൂടെ അറിയാം. പൊതുജനങ്ങൾക്കായുള്ള അവബോധവും തത്സമയവിവരങ്ങളും ആപ്പ് മുഖേനയാവും ഇനി മുതൽ ജനങ്ങളിലേയ്ക്കെത്തിക്കുക. നഗരസഭ നൽകുന്ന അറിയിപ്പുകൾ കൂടാതെ ജനങ്ങളുടെ പരാതികൾ ബോധിപ്പിക്കാനും ഈ ആപ്പിലൂടെ കഴിയുമെന്ന പ്രത്യേകതയും ഇതിനുണ്ട്. ഭക്ഷണം

ഉൾപ്പെടെ നഗരസഭ നൽകുന്ന വിവിധ സേവനങ്ങൾ, സന്നദ്ധ പ്രവർത്തകർ, ഡോക്ടർമാർ, ഗതാഗത സൗകര്യം, അവശ്യ സേവനങ്ങൾ, ബ്ലഡ് ബാങ്ക് വിവരങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഈ ആപ്ലിക്കേഷൻ മുഖാന്തരം ജനങ്ങളിലേക്ക് ലളിതമായി എത്തിക്കാൻ സാധിക്കും. കോവിഡ് 19-നെ കുറിച്ചുള്ള നഗരസഭയുടെ എല്ലാ ഓൺലൈൻ സർവീസുകളും ആപ്പിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. അഡ്വ.വി.ആർ.സുനിൽകുമാർ എം എൽ എ ആപ്ലിക്കേഷൻ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ, വിവിധ ജനപ്രതിനിധികൾ പങ്കെടുത്തു. ആപ്പ് വികസിപ്പിച്ചെടുത്ത വിദ്യാർത്ഥികളായ സജിത് ലാൽ, ഫാരിസ്, ഫയാസ്, അമൽ, ദിവേക് എന്നിവരെ ചടങ്ങിൽ ആദരിച്ചു

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് വേണ്ടി കുന്നുകര എംഇഎസ് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ സ്വിച്ച് ഓൺ കർമ്മം അഡ്വ വി എസ് സുനിൽകുമാർ എംഎൽഎ നിർവഹിക്കുന്നു***

# 'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട്' ഹരിതകേരളം മിഷൻ ചാലഞ്ച് തീയതി നീട്ടി

ലോക്ഡൗൺ കാലത്ത് ഗാർഹിക മാലിന്യ സംസ്കരണം മുൻനിർത്തി ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് ചാലഞ്ചിൽ പങ്കെടുക്കാനുള്ള തീയതി മേയ് 15 വരെ നീട്ടി. പകർച്ചവ്യാധികൾ തങ്ങളുടെ വീടുകളിൽ നിന്നും പടരുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഓരോ വീട്ടുകാരും അനുവർത്തിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സംഘടിപ്പിച്ച ചാലഞ്ചിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.

ചാലഞ്ച് ഏറ്റെടുക്കുന്നവരുടെ വീടുകളിൽ മാലിന്യ സംസ്കരണത്തിന്റെ മികവ് എത്രത്തോളമെന്ന് വിലയിരുത്തി ഗ്രേഡ് ചെയ്യാനുള്ള മാനദണ്ഡങ്ങൾ ഹരിതകേരളം മിഷൻ ഫേസ്ബുക്ക് വഴിയും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വീടുകളിലെ മാലിന്യ സംസ് കരണത്തിനായുള്ള മാർഗ്ഗങ്ങളും മിഷന്റെ ഫേസ് ബുക്ക് പേജിൽ ലഭ്യമാണ്. ജൈവമാലിന്യം, അജൈവ മാലിന്യം, മലിന ജലം, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയാണ് മുഖ്യമായും വിലയിരുത്തലിന് വിധേയമാക്കേണ്ടത്. മികവിന്റെ അടിസ്ഥാനത്തിൽ അഞ്ച് സ്റ്റാറുകൾ വരെ ലഭിക്കും. നിങ്ങളുടെ വീട് ഈ മാനദണ്ഡമനുസരിച്ച് എത്ര സ്കോർ നേടി എന്നു നോക്കി വീണ്ടും മെച്ചപ്പെടുത്താം. മേയ് രണ്ടാം വാരം ഫൈനൽ ഗ്രേഡിംഗ് നടത്താം. ലഭിച്ച സ്റ്റാറുകൾ ഹരിതകേരളം മിഷനെ അറിയിക്കാം. ഇതിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളാവുന്നവർക്ക് സമ്മാനം നൽകും. വീട്ടിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തരംതിരിക്കുന്ന രീതികൾ, ഫോട്ടോകൾ, സെൽഫികൾ തുടങ്ങിയവയും ഇതോടൊപ്പം പങ്കുവയ്ക്കാം. അവരവരുടെ ഫേസ്ബുക് പേജിൽ #MyHomeCleanHome എന്ന ഹാഷ് ടാഗോടു കൂടി ചിത്രങ്ങൾ/ വിവരണങ്ങൾ/വീഡിയോ എന്നിവ പോസ്റ്റ് ചെയ്യണം. കൂടുതൽ വിവരങ്ങൾ ഹരിതകേരളം മിഷൻ ഔദ്യോഗിക ഫേസ് ബുക് പേജിൽ ലഭിക്കും.

# രണ്ടരലക്ഷം ഭക്ഷ്യധാന്യക്കിറ്റുമായി സപ്ലൈകോ

തൃശൂർ താലൂക്കിലെ റേഷൻ കാർഡുടമകൾക്ക് ലോക്ക് ഡൗൺ കാലത്തേക്ക് രണ്ടര ലക്ഷം ഭക്ഷ്യധാന്യക്കിറ്റുകളുമായി സപ്ലൈകോ. ഭക്ഷ്യധാന്യങ്ങൾ നൽകാൻ ആവശ്യമായ കിറ്റുകളുടെ പാക്കിംഗ് തൃശ്ശൂർ ഡിപ്പോയുടെ കീഴിലുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലുമായി പുരോഗമിക്കുന്നുണ്ട്. നീല, വെള്ള റേഷൻ കാർഡുകൾക്കുള്ള ഒന്നരലക്ഷത്തോളം സൗജന്യ കിറ്റുകളാണ് ഇപ്പോൾ 22 മാവേലി സ്റ്റോറുകളോടും എട്ട് സൂപ്പർ മാർക്കറ്റുകളോടും ചേർന്നുള്ള പാക്കിങ് കേന്ദ്രങ്ങളിൽ തയ്യാറാക്കി കൊണ്ടിരിക്കുന്നത്. 10.5 കിലോഗ്രാം തൂക്കം വരുന്ന ഒരു ഭക്ഷ്യധാന്യ കിറ്റിൽ 17 ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പിങ്ക്, മഞ്ഞ റേഷൻ കാർഡ് ഉടമകൾക്കും ജില്ലയിലെ അതിഥി തൊഴിലാളികൾക്കുമുള്ള കിറ്റുകളും ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. അവധിദിനങ്ങൾ പോലും പ്രവൃത്തി ദിനങ്ങളാക്കിയാണ് സപ്ലൈകോ ഡിപ്പോ ഓഫീസ്, മാവേലിസ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ,

പീപ്പിൾസ് ബസാർ എന്നിവിടങ്ങളിലെ ജീവനക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സന്നദ്ധ സംഘടന അംഗങ്ങളും ഗോഡൗൺ തൊഴിലാളികളും ഒത്തൊരുമിച്ചു പ്രവർത്തിച്ചത്. ഇതുമൂലം റേഷൻകടകളിൽ ഭക്ഷ്യധാന്യ വിതരണം സുഗമമായി നടത്താൻ സാധിച്ചു. ചീഫ് വിപ്പ് കെ രാജൻ, വിവിധ എംഎൽഎമാർ, ജില്ലാ കളക്ടർ എസ് ഷാനവാസ്, താലൂക്കിന് കീഴിലെ പഞ്ചായത്തുകളിലെ പ്രസിഡൻറുമാർ എന്നിവർ പാക്കിങ് കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതായി സപ്ലൈകോ ഡിപ്പോ മാനേജർ അറിയിച്ചു.

# നിർമ്മാണ സാമഗ്രികൾ പരമാവധി വില കുറച്ച് നൽകാൻ തീരുമാനം

ലോക്ക് ഡൗൺ ഇളവുകളെതുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ വിലക്കയറ്റം നിയന്ത്രിച്ചും പരമാവധി വില കുറച്ചും ക്വാറി ഉൽപന്നങ്ങളും നിർമ്മാണസാമഗ്രികളും ലഭ്യമാക്കുന്നതിന് തീരുമാനമായി. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ക്വാറി ഓണേഴ്സ് അസോസിയേഷൻ, ബിൽഡേഴ്സ് അസോസിയേഷൻ, കരാറുകാർ, ടിപ്പർ ലോറി, യാർഡ് അസോസിയേഷനുകൾ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്ത് ചേർന്ന യോഗത്തിലായിരുന്നു തീരുമാനം.

ലോക്ക് ഡൗൺ സാഹചര്യം മുതലെടുത്ത് മെറ്റൽ, എം-സാന്റ്, പി-സാന്റ്, കരിങ്കല്ല് മുതലായ നിർമ്മാണ സാമഗ്രികൾക്ക് അമിതമായി വില ഈടാക്കുന്നത് ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് വില നിയന്ത്രിക്കുന്നതിൽ നടപടി സ്വീകരിക്കുന്നത്. ക്വാറി ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനും നിർമ്മാണ സാമഗ്രികൾ കൊണ്ടു പോകുന്ന ടിപ്പർ, ടോറസ് ലോറികളുടെ വാടക നിരക്ക് നിശ്ചയിക്കുന്നതിനും പ്രത്യേക സമിതിയുണ്ടാക്കും. ജിയോളജിസ്റ്റ്, ആർ.ടി.ഒ. എന്നിവർ ഉൾപ്പെട്ട സമിതിയായിരുക്കും ഇത്. മെയ് 6 നുള്ളിൽ കുറഞ്ഞ വിലനിലവാര പട്ടിക സമർപ്പിക്കുന്നതിന് കമ്മിറ്റിക്ക് നിർദ്ദേശം നൽകി.

നിർമ്മാണമേഖലയിലെ വാഹനവാടക സംബന്ധിച്ചും ധാരണയായി. മിനിമം വാടക എൽ എംവി വാഹനങ്ങൾ 1 യൂണിറ്റ് കയറ്റി 10 കിമീ വരെ സഞ്ചരിക്കുന്നതിന് 800 രൂപയായും ഒന്നര യൂണിറ്റ് 10 കിമീ വരെയുള്ളതിന് 1100 രൂപയായും 2 യൂണിറ്റ് വരെ കയറ്റാവുന്ന മീഡിയം ടിപ്പർ വാഹനങ്ങൾക്ക് 10 കിമി ദൂരം സഞ്ചരിക്കുന്നതിന് 1400 രൂപയായും 3 യൂണിറ്റ് വരെ കയറ്റാവുന്ന ഹെവി ടിപ്പർ വാഹനങ്ങൾക്ക് 10 കിമീ ദൂരം സഞ്ചരിക്കുന്നതിന് 1800 രൂപയായും നിശ്ചയിച്ചു. 1 യൂണിറ്റ് കയറ്റാവുന്ന എൽഎംവി വാഹനങ്ങൾക്ക് കിമീ 65 രൂപ നിരക്കിലും ഒന്നര യൂണിറ്റ് വരെ കയറ്റാവുന്ന എൽഎംവി വാഹനങ്ങൾക്ക് 75 രൂപ നിരക്കിലും 2 യൂണിറ്റ് വരെ കയറ്റാവുന്ന മീഡിയം വാഹനങ്ങൾക്ക് കിമി 85 രൂപ നിരക്കിലും 3 യൂണിറ്റ് വരെ കയറ്റാവുന്ന മീഡിയം വാഹനങ്ങൾക്ക് കിമീ 85 രൂപ നിരക്കിലും 3 യൂണിറ്റ് വരെ കയറ്റാവുന്ന ഹെവി ടിപ്പർ വാഹനങ്ങൾക്ക് കിമീ 95 രൂപ നിരക്കിലും ടോറസ് ടിപ്പർ വാഹനങ്ങൾക്ക് കിമീ 105 രൂപ നിരക്കിലും ഈടാക്കാൻ ധാരണയായി.

ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, ജില്ലാ ജിയോളജിസ്റ്റ് കിഷോർ, ആർ.ടി.ഒ. ഷാജി മാധവൻ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ. വിനോദ് കുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ ആസൂത്രണഭവൻ ഹാളിൽ മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ നടന്ന കരാറുകാരുടെ യോഗം***

# വിയ്യൂരിൽ നിന്നും ശിക്ഷാ കാലാവധി കഴിഞ്ഞ നാലു പേർ തണൽ ഇടത്തിലേക്ക്

വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും ശിക്ഷ കഴിഞ്ഞിറങ്ങിയ നാലുപേർ തണൽ ഇടത്തിലേക്ക്. ജയിലിൽ നിന്നിറങ്ങുന്ന ആലംബഹീനർക്ക് താങ്ങാവാൻ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്ഥാപനമാണ് തണൽ ഇടം.

കൊല്ലം ജില്ലയിലെ വാളകത്താണ് തണൽ ഇടം ആരംഭിച്ചിട്ടുള്ളത്. വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങിയ 59 വയസുകാരനാണ് തണലിടത്തിലെ ആദ്യ താമസക്കാരൻ.

ഹൃദ്രോഗിയായ ഇദ്ദേഹത്തിന് സ്വന്തക്കാരായി ആരുമില്ല. ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ എങ്ങോട്ട് പോകുമെന്നറിയാതെ നിന്നപ്പോളാണ് സാമൂഹ്യ നീതി വകുപ്പ് തുണയായത്. ഇതിനു പുറമെ തമിഴ് നാട്ടുകാരായ രണ്ടുപേരും കോഴിക്കോടുകാരനായ ഒരാളും വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും തണലിടത്തിന്റെ ഭാഗമാകും. പൊതു ഗതാഗതം ഇല്ലാത്തതിനാൽ പോലീസ് സഹായത്തോടെ ഇവരെ തണലിടത്തിൽ എത്തിക്കും. കിടപ്പ് രോഗികളോ, മാനസിക രോഗികളോ അല്ലാത്ത ദൈനം ദിന കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ കഴിയുന്ന 18-70 വരെ പ്രായമുള്ള പുരുഷൻമാർക്കാണ് ഇവിടെ ആശ്രയം ലഭിക്കുക. ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെയോ ജയിൽ സൂപ്രണ്ടുമാരുടെയോ കത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ സംരക്ഷണം ലഭിക്കും. കൊറോണക്കാലത്ത് ജയിൽ വകുപ്പ് നൽകിയ പ്രത്യേക പരോളിൽ പുറത്തിറങ്ങിയവർക്കും ഇവിടെ താമസിക്കാൻ കഴിയും.

ഇവിടെ എത്തുന്ന ഓരോരുത്തരുടെയും കഴിവും ദൗർബല്യവും മനസ്സിലാക്കി പ്രത്യേക വ്യക്തിഗത ശ്രദ്ധാ പദ്ധതി രൂപീകരിച്ച് ഇവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുകയും വീണ്ടും കേസിൽപ്പെടാതെ നോക്കുകയുമാണ് ലക്ഷ്യം. ഇതിനായി തൊഴിൽ പരിശീലനവും ഇവിടെ ഒരുക്കുന്നു. ഇവിടെ എത്തുന്ന ഓരോരുത്തർക്കും സ്വന്തം വീട്, തൊഴിൽ, കുടുംബം തുടങ്ങി സാമൂഹ്യ പുനരേകീകരണത്തിനുള്ള വിവിധ സംവിധാനങ്ങൾ മറ്റു വകുപ്പുകളുടെയോ സന്നദ്ധ സംഘടനകളുടെയോ സഹായത്തോടെ ഭാവിയിൽ ഒരുക്കും. ഇതിനായി സോഷ്യൽ വാർക്കർമാരെയും നിയമിക്കും.

## ഹാർബറിൽ ലേലം അനുവദിക്കില്ല

കോവിഡ് 19 ലോക് ഡൌൺ പ്രഖ്യപിച്ച സാഹചര്യത്തിൽ ഹാർബറിൽ ലേലം അനുവദിക്കില്ലെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. മത്സ്യബന്ധനത്തിന് ഇൻബോർഡ് വള്ളങ്ങളിൽ പരമാവധി 20 പേരെയും രണ്ട് കാരിയറിൽ അഞ്ച് പേർ വീതം 10 പേരെയും മാത്രമെ അനുവദിക്കൂ. കേരള രജിസ്ട്രേഷൻ ഉള്ള യന്ത്രവൽകൃത ബോട്ടുകൾക്ക് പരമാവധി 10 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ഏകദിന മൽസ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും മൽസ്യബന്ധനത്തിൽ ഏർപ്പെടാം. വെള്ളിയാഴ്ച അവധിയുള്ള പ്രദേശങ്ങളിൽ രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾക്ക് ഞായറാഴ്ച്ച മൽസ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. ഹാർബറിൽ കൂട്ടം കൂടുകയോ നിയന്ത്രണങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്താൽ കർശന നടപടി എടുക്കുമെന്നും കളക്ടർ അറിയിച്ചു. കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ ഫിഷറിസ് ഡെപ്യൂട്ടി ഡയറക്ടർ സുഗന്ധകുമാരി, ഫിഷറീസ് ഉദ്യോഗസ്ഥർ, എന്നിവർ പങ്കെടുത്തു.

## 3500 മാസ്കുകൾ സൗജന്യമായി നൽകി

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗുരുവായൂർ നഗരസഭയിലെ 40-ാം വാർഡിലെ വീടുകളിലെ മുഴുവൻ അംഗങ്ങൾക്കും സൗജന്യമായി മാസ്ക്കുകൾ നൽകി. 650 വീടുകളിലേക്കാണ് 3500 തുണി മാസ്ക്കുകൾ നൽകിയത്. ഡോ. എം. കേശവന്റെ വസതിയിൽ നടന്ന ചടങ്ങിൽ നടൻ ശിവജി ഗുരുവായൂർ മാസ്ക്ക് വിതരണം ഉദ്ഘാടനം ചെയ്തു. കൗൺസിലർ ആന്റോ തോമസ് അധ്യക്ഷത വഹിച്ചു. എൻ. എച്ച്. ഷാനിർ, സജയൻ പുന്നയിൽ എന്നിവർ പങ്കെടുത്തു.

## നാടിനെ മാസ്ക്കണിയിക്കാൻ എൻ സി സി

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കമാൻഡോ ആർ ആർ അയ്യരുടെ നേതൃത്വത്തിലുള്ള തൃശ്ശൂരിലെ എൻ സി സി ബറ്റാലിയനുകൾ ജില്ലാ കളക്ടർ എസ് ഷാനവാസിന് മാസ്ക്കുകൾ കൈമാറി.

കമാൻഡിംഗ് ഓഫീസർമാരായ കേണൽ ജോസഫ് ആന്റണി, കേണൽ വി ദിവാകരൻ, സുബേദാർ മേജർ ഗുരുങ്, ഇൻസ്ട്രക്ടർ മഞ്ജു മോഹൻ, കേഡറ്റ് പത്മജ എന്നിവരാണ് മാസ് ക്കുകൾ കൈമാറിയത്.

# അവിണിശ്ശേരി പഞ്ചായത്തിൽ
# കിടപ്പു രോഗികൾക്ക് ഭക്ഷണ കിറ്റുകൾ നൽകി

അവിണിശ്ശേരി പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ അവിണിശ്ശേരിയിലെ വിവിധ വാർഡുകളിലെ ഡയാലിസിസ്, കാൻസർ, പാരലൈസ്ഡ് രോഗികളുടെ വീട്ടിലേക്കുള്ള ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. ആദ്യ കിറ്റ് വിതരണം ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ എ പ്രദീപ് നിർവഹിച്ചു.

# കരിക്കാട്ട്ച്ചാൽ ശുചീകരണത്തിന് തുടക്കം

കുഴൂർ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സായ കരിക്കാട്ട്ച്ചാൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കൃഷി വകുപ്പിൽ നിന്നും അനുവദിച്ച അഞ്ചു ലക്ഷം രൂപ ചിലവഴിച്ചാണ് ചാലിന്റെ ശുചീകരണം പുരോഗമിക്കുന്നത്. പഞ്ചായത്തിലെ മൂന്ന്, നാല്, അഞ്ച്, ആറ് എന്നീ വാർഡുകളിലൂടെയാണ് കരിക്കാട്ട്ച്ചാൽ കടന്ന് പോകുന്നത്. 11 കിലോമീറ്റർ ദൂരമാണ് പഞ്ചായത്ത് പരിധിയിൽ ചാലിനുള്ളത്. തട്ടാൻ തോട്, വട്ടകുളം എന്നീ രണ്ട് മൈനർ ഇറിഗേഷൻ പ്രൊജക്ടുകളും നെയ്യുണ്ണിപറമ്പ് കമ്മ്യൂണിറ്റി ഇറിഗേഷനും ചാലിന്റെ ഭാഗമായി വരും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ. കേശവൻ കുട്ടി, വൈസ് പ്രസിഡന്റ് ബിജി വിത്സൺ, പഞ്ചായത്ത് പ്രസിഡന്റ് സിൽവി സേവ്യർ, വാർഡ് മെമ്പർമാരായ ഉഷ സദാനന്ദൻ, എം കെ ഡേവിസ്, ബിജു തോട്ടാപ്പിള്ളി, കൃഷി ഓഫീസർ ജലീറ്റ, പഞ്ചായത്ത് സെക്രട്ടറി സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# പൊയ്യ ഗ്രാമപഞ്ചായത്ത്
# ജനകീയ ഹോട്ടൽ ഉദ്ഘാടനം ചെയ്തു

പൊയ്യ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജനകീയ ഹോട്ടൽ അഡ്വ. വി. ആർ. സുനിൽ കുമാർ എം എൽ എ ഉദ്ഘാടനം ചെയ്തു. 20 രൂപക്ക് ഊണ് ജനകീയ ഹോട്ടൽ വഴി ലഭിക്കും. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ അഞ്ചു രൂപ പാർസൽ ചാർജ് ഈടാക്കും. വിശപ്പ് രഹിത കേരളം പദ്ധതിപ്രകാരമാണ് ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 9048624927എന്ന നമ്പറിൽ വിളിച്ച് ഊണ് ബുക്ക് ചെയ്യാം. ചോറും മൂന്നു കൂട്ടം കറിയും അടങ്ങുന്നതാണ് ഒരു ദിവസത്തെ മെനു. നാല് കുടുംബശ്രീ അംഗങ്ങൾ വീതമാണ് ജനകീയ ഹോട്ടൽ വഴി ഭക്ഷണം ഒരുക്കുന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സിജി വിനോദ്, കുടു ബശ്രീ ചെയർപേഴ്സൺ ഗിരിജാ വാമനൻ, മെമ്പർ സെക്രട്ടറി സുജൻ പൂപ്പത്തി, സെക്രട്ടറി കെ. സി അനിത തുടങ്ങിയവർ പങ്കെടുത്തു.
***ഫോട്ടോ അടിക്കുറിപ്പ്: പൊയ്യ പഞ്ചായത്ത് ജനകീയ ഹോട്ടൽ അഡ്വ. വി ആർ സുനിൽ കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു***

# കുടുംബ ശ്രീ 'നൈപുണ്യ പൂരം' തുടങ്ങീട്ടാ

തൃശ്ശൂർ കുടുംബശ്രീ ജില്ല മിഷൻ ഡി ഡി യു ജി കെ വൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന) പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി ഒരാഴ്ച നീണ്ടുനിൽക്കുന്ന വിവിധയിനം മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. 'നൈപുണ്യ പൂരം തുടങ്ങീട്ടാ' എന്ന മത്സരപരിപാടിയിൽ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന 8 പദ്ധതി നിർവ്വഹണ ഏജൻസികളിലെ വിദ്യാർത്ഥികൾക്കാണ് പങ്കെടുക്കാൻ അവസരം. വിവിധ വിഷയങ്ങളെ ആസ്പദമാക്കി മൊബൈൽ ഫോട്ടോഗ്രഫി, പോസ്റ്റർ നിർമ്മാണം, ക്രാഫ്റ്റ് വീഡിയോ, സോഫ്റ്റ് സ്കിൽ വീഡിയോ, ടിക് ടോക് വീഡിയോ എന്നിങ്ങനെയുള്ള ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. പദ്ധതി നിർവ്വഹണ ഏജൻസികൾ തിരഞ്ഞെടുത്ത സൃഷ്ടികൾ ജില്ലയിലേക്ക് ദിവസവും വൈകീട്ട് അയച്ചു തരും. മികച്ച അവതരണങ്ങൾ ജില്ലാതലത്തിൽ തെരഞ്ഞെടുക്കും.

മെയ് 9 വരെ നടത്തുന്ന ഈ പരിപാടി ലോക്ക് ഡൗൺ കാലത്തെ വിരസത അകറ്റുന്നതിനും കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുന്നു.

## കുടുംബശ്രീ ലോൺ അനുവദിക്കുന്നത് അയൽക്കൂട്ടങ്ങൾ വഴി

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി പ്രകാരം കുടുംബശ്രീ നൽകുന്ന വായ്പകൾ അയൽക്കൂട്ടങ്ങൾ വഴി നൽകും. വ്യക്തിഗത വായ്പകളായിട്ടല്ല അയൽക്കൂട്ടങ്ങൾക്കാണ് വായ്പകൾ നൽകുന്നതെന്ന് കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയതീൻ അറിയിച്ചു. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ വ്യക്തിഗത വായ്പയെടുത്തിട്ടുണ്ടെങ്കിൽ അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭിക്കുന്നില്ലെന്ന് പരാതി ഉയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വിവിധ ബാങ്കുകളുടെയും കുടുംബശ്രീ ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർത്തത്. വിവിധ ബാങ്കുകൾ വഴി ജില്ലയിൽ രണ്ട് കോടിയോളം രൂപ വായ്പയായി നൽകിയിട്ടുണ്ട്. 9477 അയൽക്കൂട്ടങ്ങൾ വഴി 1,15,959 അംഗങ്ങൾ വായ്പയ്ക്കായി സി ഡി എസ് മുഖാന്തരം ബാങ്കിൽ അപേക്ഷിച്ചിട്ടുണ്ട്. ജില്ലയിൽ 184 കോടി രൂപയാണ് സഹായഹസ്തം പദ്ധതി വഴി അനുവദിച്ചിരിക്കുന്നത്. 5000 രൂപ മുതൽ 20000 രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്.